## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3881. 27.06. 2012-ൽ മറുപടിയ്ക്ക്**

## ക്ഷയരോഗത്തിന്റെയും അനുബന്ധ രോഗങ്ങളുടെയും ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. സി. മോയിൻകുട്ടി<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ക്ഷയരോഗത്തിന്റെയും അനുബന്ധ രോഗങ്ങളുടെയും ചികിത്സയ്ക്കും അവയുടെ വ്യാപനം തടയുന്നതിനുമായി നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; | (എ) | എല്ലാ ജില്ലകളിലും ജില്ലാ ക്ഷയരോഗ കേന്ദ്രങ്ങളും 5 ലക്ഷം രോഗികൾക്ക് ഒരു ഉപകേന്ദ്രം (ടി. ബി. യൂണീറ്റ്) എന്ന നിരക്കിൽ 73 ടി. ബി. യൂണീറ്റുകളും 14 ജില്ലാ ടി. ബി. സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഒരു ലക്ഷം ജനസംഖ്യയ്ക്ക് 1 ഡി. എം. സി. (ഡെസിഗ്നേറ്റഡ് മൈക്രോസ്കോപിക് സെന്റർ) എന്ന കണക്ക് വച്ച് കഫ പരിശോധനകേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. ഡയഗ്നോസ് ചെയ്യുന്ന ക്ഷയരോഗിക്ക് അവരുടെ വാസസ്ഥലത്തിനു സമീപമുള്ള പി. എച്ച്. സി. യിൽ നിന്നോ, അംഗനവാടി, ആശ പ്രവർത്തകർ വഴി ഡോട്സ് ചികിത്സ എത്തിച്ചു കൊടുക്കുന്നു. ഇതിലുപരി സ്വകാര്യ മേഖലയിൽ 88 കഫ പരിശോധനാ കേന്ദ്രങ്ങളും എൻ. ജി. ഒ. വഴി 13 കഫ പരിശോധനാ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. |
| (ബി) | ആയതിനായി പ്രവർത്തിക്കുന്ന സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥ സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | തിരുവനന്തപുരം, കൊല്ലം, ഇടുക്കി ജില്ലാ ക്ഷയരോഗ കേന്ദ്രങ്ങൾ ഒഴിച്ച് ബാക്കി 11 ജില്ലാ ടി. ബി സെന്ററുകളും അനേക വർഷം പഴക്കമുള്ള കെട്ടിടങ്ങളാണ്. ഈ കെട്ടിടങ്ങളുടെ പുനർനിർമ്മാണത്തിനും, അറ്റകുറ്റ പണികൾക്കുമുള്ള നിർമ്മാണാനുമതിക്ക് ബഡ്ജറ്റ് പ്രൊവിഷൻ പ്രകാരം നടത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ക്ഷയരോഗ നിയന്ത്രണത്തിനും ചികിത്സയ്ക്കും ഏതെങ്കിലും ഏജൻസികളിൽ നിന്നോ കേന്ദ്ര സർക്കാരിൽ നിന്നോ പ്രത്യേക സഹായം ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (സി) | ക്ഷയരോഗ നിയന്ത്രണ പരിപാടിയിലെ പാർട്ണേഴ്സായി കേരളത്തിൽ അക്ഷയ, CBCI-CARD, ഐ. എം. എ. എന്നീ എൻ. ജി. ഒ. കളുടേയും ടി.ബി. അസോസിയേഷൻ ഓഫ് കേരളയുടേയും, ആർ. എൻ. റ്റി. സി. പി. പ്രോഗ്രാമിനായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിക്കുന്നു. 2011-2012 -ൽ കേന്ദ്ര സർക്കാരിൽ നിന്ന് അനുവദിച്ചതുക - 8.38 കോടി, ചിലവാക്കിയ തുക - 6.87 കോടി (81.98%) 2012-2013-ൽ കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചത് - 11.58 കോടി |
| (ഡി) | ശുചിത്വം അവശ്യം വേണ്ട ക്ഷയ രോഗ ചികിത്സാ കേന്ദ്രങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | ശോചനീയാവസ്ഥ പരിഹരിയ്ക്കാനായി ആരോഗ്യ വകുപ്പ് ഡയറക്ടറുടെ മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുവാനുള്ള നടപടികൾ നടന്നു വരുന്നു. |

B.V.Kiran

സെക്ഷൻ ഓഫീസർ